LIBRARY ARCHIVES Kerala Legislative Assembly

2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരം

242 (991) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര ധനസഹായം ലഭിക്കാത്തവർ വയനാട് ജില്ലയിൽ ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

(എ&ബി) 2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടുള്ളവരിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ബാങ്ക് അക്കൗണ്ടിലെ പിശക് കാരണമോ സാങ്കേതിക പോരായ്മ കാരണമോ തുക ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ

243 (992) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കി ആധുനികവത്കരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വില്ലേജോഫീസുകൾ സ്മാർട്ടാക്കി ആധുനികവത്കരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജോഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കിയിട്ടുണ്ടെന്നും അവിടെ എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുകയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇതുവരെ പ്ലാൻ സ്കീം മുഖേന 220 വില്ലേജാഫീസുകൾക്കും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 255 വില്ലേജോഫീസുകൾക്കുമാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. പ്ലാൻ സ്കീമിൽ ഉൾപ്പെട്ട 126 സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. മറ്റു വില്ലേജോഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. സ്മാർട്ട് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജോഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

2. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ

വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻവഴി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ടെത്തുന്നതിനുപകരം ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്.

5. ഇ-പോസ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേയ്ക്കെത്തുന്നു എന്നതാണ് ഈപദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(സി) ഇ-ഗവേർണൻസും ഇ-ഓഫീസും ശക്തിപ്പെടുത്തിക്കൊണ്ട് സ്മാർട്ട് ഓഫീസ് സംവിധാനം എല്ലാ വില്ലേജ് ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ വില്ലേജ് ഓഫീസുകളിലും വ്യാപിപ്പിക്കും.

കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വെളിയന്നൂർ, ഇലയ്ക്കാട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

244 (993) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വെളിയന്നൂർ, ഇലയ്ക്കാട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച് ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly